## ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു

ദൂത് ആറ്

# കനാൻ എന്ന നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന നമ്മുടെ ശബ്ബത്തിൻ വിശ്രമമായ ക്രിസ്തു

EM *Hymns:* E746, E424

തിരുവെഴുത്ത് വായന: എബ്രാ. 3:7—4:11

Heb. 3:7 അതുകൊണ്ട് പരിശുദ്ധാത്മാവ് പറയുന്നതുപോലെ, "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ,

Heb. 3:8 മരുഭൂമിയിൽവച്ചുള്ള പരീക്ഷാദിവസത്തിലെ പ്രകോപനത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്,

Heb. 3:9 അവിടെ നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചുകൊണ്ട് എന്നെ ശോധന ചെയ്യുകയും നാൽപത് വർഷം എന്റെ പ്രവൃത്തികളെ കാണുകയും ചെയ്തു.

Heb. 3:10 അതുകൊണ്ട് ഈ തലമുറയോട് എനിക്ക് നീരസമുണ്ടായി, ഞാൻ പറഞ്ഞു, അവർ എപ്പോഴും തങ്ങളുടെ ഹൃദയത്തിൽ വഴിതെറ്റിപ്പോകുന്നു, എന്റെ വഴികളെ അവർ അറിഞ്ഞിട്ടില്ല;

Heb. 3:11 അവർ എന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുകയില്ല! എന്ന് ഞാൻ എന്റെ ക്രോധത്തിൽ ആണയിട്ടു."

Heb. 3:12 സഹോദരന്മാരേ, ജീവനുള്ള ദൈവത്തിൽ നിന്ന് പിൻവാങ്ങുന്ന അവിശ്വാസത്തിന്റെ ദുഷ്ട ഹൃദയം ഒരുപക്ഷേ നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.

Heb. 3:13 എന്നാൽ നിങ്ങളിൽ ആരുംതന്നെ പാപത്തിന്റെ വഞ്ചനയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്, "ഇന്ന്" എന്ന് പറയുന്നേടത്തോളം, ഓരോ ദിവസവും അന്യോന്യം പ്രബോധിപ്പിക്കുവിൻ—

Heb. 3:14 എന്തെന്നാൽ നിശ്ചയത്തിന്റെ ആരംഭം ദൃഢമായി അവസാനം വരെ നാം മുറുകെപ്പിടിച്ചാൽ, തീർച്ചയായും നാം ക്രിസ്തുവിന്റെ കൂട്ടാളികൾ ആയിത്തീർന്നിരിക്കുന്നു—

Heb. 3:15 "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, പ്രകോപനത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്ന് പറഞ്ഞിരിക്കുന്നതുപോലെ തന്നെ.

Heb. 3:16 അവർ കേട്ടപ്പോൾ അവനെ പ്രകോപിപ്പിച്ചത് ആർ? മോശെയാൽ മിസ്രയീമിൽ നിന്ന് പുറത്തുവന്ന എല്ലാവരും അല്ലയോ?

Heb. 3:17 നാൽപതു വർഷക്കാലം ആരോടായിരുന്നു അവൻ നീരസപ്പെട്ടത്? പാപം ചെയ്ത്, തങ്ങളുടെ ശവങ്ങൾ മരുഭൂമിയിൽ വീണവരോടല്ലയോ?

Heb. 3:18 അനുസരണംകെട്ടവരോടല്ലാതെ ആരോടായിരുന്നു തന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല എന്ന് അവൻ ആണയിട്ടത്?

Heb. 3:19 അവിശ്വാസം നിമിത്തം അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു.

Heb. 4:1 അതുകൊണ്ട് അവന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുവാനുള്ള വാഗ്ദത്തം

ശേഷിച്ചിരിക്കയാൽ, നിങ്ങൾ ആരെങ്കിലും അതിനു കുറവുള്ളവരായി തോന്നാതിരിക്കേണ്ടതിനു നാം ഭയപ്പെടുക.

Heb. 4:2 തീർച്ചയായും അവരോട് എന്നപോലെ, നമ്മോടും സദ്വർത്തമാനം അറിയിച്ചിരിക്കുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്തോടുകൂടെ കലരാതിരുന്നിട്ട്, കേട്ട വചനം അവർക്കു പ്രയോജനം ചെയ്തില്ല.

Heb. 4:3 ലോകസ്ഥാപനം മുതൽ സൃഷ്ടിയുടെ വേല പൂർത്തിയായെങ്കിലും, "അവർ എന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല! എന്ന് ഞാൻ എന്റെ ക്രോധത്തിൽ ആണയിട്ടതുപോലെ," എന്ന് അവൻ അരുളിച്ചെയ്തതുപ്രകാരം, വിശ്വസിച്ചവരായ നാം വിശ്രമത്തിലേക്ക് പ്രവേശിക്കുന്നു.

Heb. 4:4 ഏഴാം നാളിനെക്കുറിച്ച് അവൻ ഒരിടത്ത്, "തന്റെ എല്ലാ വേലയിൽ നിന്നും ദൈവം ഏഴാം നാൾ വിശ്രമിച്ചു" എന്നും,

Heb. 4:5 ഈ ഭാഗത്ത് വീണ്ടും, "അവർ എന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല!" എന്നും അരുളിച്ചെയ്തിരിക്കുന്നു.

Heb. 4:6 അതുകൊണ്ട് ചിലർ അതിലേക്ക് പ്രവേശിക്കണം എന്നത് നിലനിൽക്കുകയും, മുമ്പ് സദ്വർത്തമാനം അറിയിക്കപ്പെട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെയും ഇരുന്നതിനാൽ,

Heb. 4:7 "ഇന്ന്, നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്ന് മുമ്പ് പറഞ്ഞിരുന്നതുപോലെ, വളരെ കാലത്തിനുശേഷം ദാവീദിൽ പറഞ്ഞുകൊണ്ട്, ഇന്ന്, എന്നൊരു ദിവസം അവൻ വീണ്ടും നിയമിക്കുന്നു.

Heb. 4:8 യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച് സംസാരിക്കുകയില്ലായിരുന്നു.

Heb. 4:9 അതിനാൽ ദൈവജനത്തിന് ഒരു ശബ്ബത്തിൻ വിശ്രമം ശേഷിച്ചിരിക്കുന്നു.

Heb. 4:10 ദൈവം തന്റെ സ്വന്തം പ്രവൃത്തികളിൽ നിന്ന് വിശ്രമിച്ചതുപോലെ, അവന്റെ വിശ്രമത്തിലേക്ക് പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽ നിന്ന് വിശ്രമിച്ചിരിക്കുന്നു.

Heb. 4:11 അതുകൊണ്ട് അനുസരണക്കേടിന്റെ അതേ ദൃഷ്ടാന്തപ്രകാരം ആരും വീണുപോകാതിരിക്കേണ്ടതിന് ആ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നമുക്ക് ശുഷ്കാന്തിയുള്ളവരാകാം.

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

Heb. 4:13 അവനു മുമ്പാകെ വെളിവാകാത്ത ഒരു ജീവിയുമില്ല, അവന്റെ കണ്ണിനു സകലവും നഗ്നവും മറയില്ലാത്തതുമായി കിടക്കുന്നു, അവനോടാകുന്നു നമ്മുടെ കണക്കു ബോധിപ്പിക്കുവാനുള്ളത്.

**I. എബ്രായരിലെ ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ശരിയായ ധാരണ നമുക്കുണ്ടായിരിക്കണമെങ്കിൽ, വേദപുസ്തകത്തിൽ ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശത്തിന്റെ പ്രാധാന്യം നാം അറിയേണ്ടതാവശ്യമാണ്—ഉല്പ. 2:2-3:**

Gen. 2:2 താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകലപ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി

Gen. 2:3 താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു.

A. ദൈവം തന്റെ വേല പൂർത്തിയാക്കി തൃപ്തനായതുകൊണ്ട് ഏഴാം ദിവസം വിശ്രമിച്ചു; മനുഷ്യന് ദൈവത്തിന്റെ സ്വരൂപം ഉണ്ടായിരുന്നതുകൊണ്ടും, അവന്റെ ശത്രുവിനെ കീഴ്പ്പെടുത്തുന്നതിനുവേണ്ടി അവന്റെ ആധിപത്യത്തോടുകൂടെയുള്ള അവന്റെ അധികാരം പ്രയോഗിക്കപ്പെടുവാൻ പോകുന്നതുകൊണ്ടും ദൈവത്തിന്റെ തേജസ്സ് വെളിവായി—1:26.

Gen. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

B. മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കുകയും ദൈവത്തെ പ്രതിനിധീകരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം ഭൂമിയിൽ ഉണ്ടാകുമ്പോൾ, ആ സാഹചര്യം ദൈവത്തിന് ഒരു ശബ്ബത്തിൻ വിശ്രമമാണ്; ശബ്ബത്തിൻ വിശ്രമം തന്റെ ഹൃദയാഗ്രഹത്തിലുള്ള ദൈവത്തിന്റെ സംതൃപ്തിയാണ്—വാ. 26-28; എബ്രാ. 2:6-8.

Gen. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

Gen. 1:27 ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.

Gen. 1:28 ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു.

Heb. 2:6 എന്നാൽ ഒരുവൻ എവിടെയോ ഗൗരവമായി സാക്ഷ്യപ്പെടുത്തി പറഞ്ഞു, "മനുഷ്യനെ നീ ഓർക്കേണ്ടതിന്, അഥവാ മനുഷ്യപുത്രനെ നീ കരുതേണ്ടതിന് അവൻ എന്ത്?

Heb. 2:7 നീ അവനെ ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തിയിരിക്കുന്നു; നീ അവനെ തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയിക്കുകയും, അവനെ നിന്റെ കരങ്ങളുടെ പ്രവൃത്തികൾക്കുമേൽ ആക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു;

Heb. 2:8a നീ സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തിയിരിക്കുന്നു." സകലവും അവനു കീഴ്പ്പെടുത്തിയതിൽ, അവനു കീഴ്പ്പെടാത്തതായി ഒന്നും അവൻ വിട്ടില്ല....

C. ദൈവത്തിന്റെ ഏഴാം ദിവസം മനുഷ്യന്റെ ഒന്നാം ദിവസമായിരുന്നു; മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിനുശേഷം, അവൻ ദൈവത്തിന്റെ വേലയിൽ പങ്കെടുത്തില്ല, മറിച്ച് അവൻ ദൈവത്തിന്റെ വിശ്രമത്തിലേക്ക് പ്രവേശിച്ചു; മനുഷ്യനെ സൃഷ്ടിച്ചത് വേല ചെയ്യുവാനല്ല, ദൈവത്താൽ സംതൃപ്തനാകുവാനും ദൈവത്തോടുകൂടെ വിശ്രമിക്കുവാനുമാണ്—പ്ര.നി. മത്താ. 11:28-30.

Matt. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

Matt. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

Matt. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

D. ദൈവം സകലതും ചെയ്യുകയും സകലതും പൂർത്തിയാക്കുകയും സകലതും ഒരുക്കുകയും ചെയ്തുവെന്നും, മനുഷ്യൻ തന്റെ എല്ലാ വേലയും നിർത്തണം എന്നുമാണ് ശബ്ബത്ത് സൂചിപ്പിക്കുന്നത്; ശബ്ബത്ത് ആചരിക്കുക എന്നാൽ നമ്മുടെ വേല അവസാനിപ്പിച്ച്, ദൈവത്തെയും അവൻ നമുക്കുവേണ്ടി നിവർത്തിച്ച എല്ലാറ്റിനെയും നമ്മുടെ ആസ്വാദനവും വിശ്രമവും സംതൃപ്തിയുമായി എടുക്കുന്നതാണ്; ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ—പുറ. 20:8.

Exo. 20:8 ശബ്ബത്ത്നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക.

E. പുതിയ യെരൂശലേം ദൈവത്തിന്റെ ആത്യന്തികവും ശാശ്വതവുമായ ശബ്ബത്തിൻ വിശ്രമമായിരിക്കും, കാരണം അവിടെ വീണ്ടെടുക്കപ്പെട്ട എല്ലാ വിശുദ്ധന്മാരും ദൈവത്തെ തേജസ്സിൽ പൂർണ്ണമായി ആവിഷ്കരിക്കുകയും നിത്യതിയോളം ദൈവത്തിന്റെ അധികാരത്തോടുകൂടെ വാഴുകയും ചെയ്യും—വെളി. 21:10-11; 22:1, 4, 5.

Rev. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

Rev. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

Rev. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

Rev. 22:4a അവർ അവന്റെ മുഖം കാണും,

Rev. 22:5 ... അവർ എന്നെന്നേക്കും വാഴും..

**II. ശബ്ബത്തിൻ വിശ്രമം കനാൻ എന്ന നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന നമ്മുടെ വിശ്രമമായ ക്രിസ്തു ആണ് (ആവ. 12:9; എബ്രാ. 3:7—4:13); ക്രിസ്തു മൂന്നു ഘട്ടങ്ങളിൽ വിശുദ്ധന്മാർക്ക് വിശ്രമമാണ്:**

Deut. 12:9 നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു തരുന്ന സ്വസ്ഥതെക്കും അവകാശത്തിന്നും നിങ്ങൾ ഇതുവരെ എത്തീട്ടില്ലല്ലോ.

Heb. 3:7 അതുകൊണ്ട് പരിശുദ്ധാത്മാവ് പറയുന്നതുപോലെ, "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ,

Heb. 3:8 മരുഭൂമിയിൽവച്ചുള്ള പരീക്ഷാദിവസത്തിലെ പ്രകോപനത്തിൽ എന്ന പോലെ

നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്,
Heb. 3:9 അവിടെ നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചുകൊണ്ട് എന്നെ ശോധന ചെയ്യുകയും നാൽപത് വർഷം എന്റെ പ്രവൃത്തികളെ കാണുകയും ചെയ്തു.
Heb. 3:10 അതുകൊണ്ട് ഈ തലമുറയോട് എനിക്ക് നീരസമുണ്ടായി, ഞാൻ പറഞ്ഞു, അവർ എപ്പോഴും തങ്ങളുടെ ഹൃദയത്തിൽ വഴിതെറ്റിപ്പോകുന്നു, എന്റെ വഴികളെ അവർ അറിഞ്ഞിട്ടില്ല;
Heb. 3:11 അവർ എന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുകയില്ല! എന്ന് ഞാൻ എന്റെ ക്രോധത്തിൽ ആണയിട്ടു."
Heb. 3:12 സഹോദരന്മാരേ, ജീവനുള്ള ദൈവത്തിൽ നിന്ന് പിൻവാങ്ങുന്ന അവിശ്വാസത്തിന്റെ ദുഷ്ട ഹൃദയം ഒരുപക്ഷേ നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.
Heb. 3:13 എന്നാൽ നിങ്ങളിൽ ആരുംതന്നെ പാപത്തിന്റെ വഞ്ചനയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്, "ഇന്ന്" എന്ന് പറയുന്നേടത്തോളം, ഓരോ ദിവസവും അന്യോന്യം പ്രബോധിപ്പിക്കുവിൻ—
Heb. 3:14 എന്തെന്നാൽ നിശ്ചയത്തിന്റെ ആരംഭം ദൃഢമായി അവസാനം വരെ നാം മുറുകെപ്പിടിച്ചാൽ, തീർച്ചയായും നാം ക്രിസ്തുവിന്റെ കൂട്ടാളികൾ ആയിത്തീർന്നിരിക്കുന്നു—
Heb. 3:15 "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, പ്രകോപനത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്ന് പറഞ്ഞിരിക്കുന്നതുപോലെ തന്നെ.
Heb. 3:16 അവർ കേട്ടപ്പോൾ അവനെ പ്രകോപിപ്പിച്ചത് ആർ? മോശെയാൽ മിസ്രയീമിൽ നിന്ന് പുറത്തുവന്ന എല്ലാവരും അല്ലയോ?
Heb. 3:17 നാൽപതു വർഷക്കാലം ആരോടായിരുന്നു അവൻ നീരസപ്പെട്ടത്? പാപം ചെയ്ത്, തങ്ങളുടെ ശവങ്ങൾ മരുഭൂമിയിൽ വീണവരോടല്ലയോ?
Heb. 3:18 അനുസരണംകെട്ടവരോടല്ലാതെ ആരോടായിരുന്നു തന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല എന്ന് അവൻ ആണയിട്ടത്?
Heb. 3:19 അവിശ്വാസം നിമിത്തം അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു.
Heb. 4:1 അതുകൊണ്ട് അവന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുവാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ, നിങ്ങൾ ആരെങ്കിലും അതിനു കുറവുള്ളവരായി തോന്നാതിരിക്കേണ്ടതിനു നാം ഭയപ്പെടുക.
Heb. 4:2 തീർച്ചയായും അവരോട് എന്നപോലെ, നമ്മോടും സദ്വർത്തമാനം അറിയിച്ചിരിക്കുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്തോടുകൂടെ കലരാതിരുന്നിട്ട്, കേട്ട വചനം അവർക്കു പ്രയോജനം ചെയ്തില്ല.
Heb. 4:3 ലോകസ്ഥാപനം മുതൽ സൃഷ്ടിയുടെ വേല പൂർത്തിയായെങ്കിലും, "അവർ എന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല! എന്ന് ഞാൻ എന്റെ ക്രോധത്തിൽ ആണയിട്ടതുപോലെ," എന്ന് അവൻ അരുളിച്ചെയ്തതുപ്രകാരം, വിശ്വസിച്ചവരായ നാം വിശ്രമത്തിലേക്ക് പ്രവേശിക്കുന്നു.
Heb. 4:4 ഏഴാം നാളിനെക്കുറിച്ച് അവൻ ഒരിടത്ത്, "തന്റെ എല്ലാ വേലയിൽ നിന്നും ദൈവം ഏഴാം നാൾ വിശ്രമിച്ചു" എന്നും,
Heb. 4:5 ഈ ഭാഗത്ത് വീണ്ടും, "അവർ എന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല!" എന്നും അരുളിച്ചെയ്തിരിക്കുന്നു.

Heb. 4:6 അതുകൊണ്ട് ചിലർ അതിലേക്ക് പ്രവേശിക്കണം എന്നത് നിലനിൽക്കുകയും, മുമ്പ് സദ്വർത്തമാനം അറിയിക്കപ്പെട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെയും ഇരുന്നതിനാൽ,

Heb. 4:7 "ഇന്ന്, നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്ന് മുമ്പ് പറഞ്ഞിരുന്നതുപോലെ, വളരെ കാലത്തിനുശേഷം ദാവീദിൽ പറഞ്ഞുകൊണ്ട്, ഇന്ന്, എന്നൊരു ദിവസം അവൻ വീണ്ടും നിയമിക്കുന്നു.

Heb. 4:8 യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച് സംസാരിക്കുകയില്ലായിരുന്നു.

Heb. 4:9 അതിനാൽ ദൈവജനത്തിന് ഒരു ശബ്ബത്തിൻ വിശ്രമം ശേഷിച്ചിരിക്കുന്നു.

Heb. 4:10 ദൈവം തന്റെ സ്വന്തം പ്രവൃത്തികളിൽ നിന്ന് വിശ്രമിച്ചതുപോലെ, അവന്റെ വിശ്രമത്തിലേക്ക് പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽ നിന്ന് വിശ്രമിച്ചിരിക്കുന്നു.

Heb. 4:11 അതുകൊണ്ട് അനുസരണക്കേടിന്റെ അതേ ദൃഷ്ടാന്തപ്രകാരം ആരും വീണുപോകാതിരിക്കേണ്ടതിന് ആ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നമുക്ക് ശുഷ്കാന്തിയുള്ളവരാകാം.

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

Heb. 4:13 അവനു മുമ്പാകെ വെളിവാകാത്ത ഒരു ജീവിയുമില്ല, അവന്റെ കണ്ണിനു സകലവും നഗ്നവും മറയില്ലാത്തതുമായി കിടക്കുന്നു, അവനോടാകുന്നു നമ്മുടെ കണക്കു ബോധിപ്പിക്കുവാനുള്ളത്.

A. ദൈവത്തെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും തൃപ്തിപ്പെടുത്തുകയും, തന്റെ വേലയിൽനിന്ന് വിശ്രമിച്ച് സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്ത സ്വർഗീയ ക്രിസ്തുവാണ് സഭായുഗത്തിൽ നമ്മുടെ ആത്മാവിലുള്ള നമ്മുടെ വിശ്രമം (മത്താ. 11: 28-29); എബ്രായർ 4:9-ലെ ശബ്ബത്തിൻ വിശ്രമം, കനാൻ എന്ന നല്ല ദേശത്താൽ മുൻകുറിക്കപ്പെടുന്ന നമ്മുടെ വിശ്രമമായ ക്രിസ്തു ആണ് (ആവ. 12:9; എബ്രാ. 4:8).

Matt. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

Matt. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

Heb. 4:9 അതിനാൽ ദൈവജനത്തിന് ഒരു ശബ്ബത്തിൻ വിശ്രമം ശേഷിച്ചിരിക്കുന്നു.

Deut. 12:9 നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു തരുന്ന സ്വസ്ഥതെക്കും അവകാശത്തിന്നും നിങ്ങൾ ഇതുവരെ എത്തീട്ടില്ലല്ലോ.

Heb. 4:8 യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച്

സംസാരിക്കുകയില്ലായിരുന്നു.

B. സഹസ്രാബ്ദ രാജ്യത്തിൽ, സാത്താനെ ഭൂമിയിൽനിന്ന് നീക്കം ചെയ്തതിനുശേഷം (വെളി. 20:1-3), ക്രിസ്തുവിനാലും ജയാളികളായ വിശുദ്ധന്മാരാലും ദൈവം ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും തൃപ്തനാക്കപ്പെടുകയും ചെയ്യും; അപ്പോൾ രാജ്യത്തോടുകൂടെയുള്ള ക്രിസ്തു, അവനോടുകൂടെ സഹ-രാജാക്കന്മാരും (വാ. 4, 6) അവന്റെ വിശ്രമം പങ്കിടുകയും ആസ്വദിക്കുകയും ചെയ്യുന്നവരുമായ ജയാളികളായ വിശുദ്ധന്മാർക്ക് പൂർണതയേറിയ വിധത്തിൽ വിശ്രമമായിരിക്കും.

Rev. 20:1 പിന്നെ ഞാൻ, കൈയിൽ അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയുമുള്ള ഒരു ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു കണ്ടു.

Rev. 20:2 അവൻ പിശാചും സാത്താനും എന്ന, പുരാതന സർപ്പമായ വ്യാളിയെ പിടിക്കുകയും, അവനെ ആയിരം സംവത്സരത്തേക്കു ബന്ധിക്കുകയും,

Rev. 20:3 ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു.

Rev. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

Rev. 20:6 ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

C. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും, ഒടുക്കത്തെ ശത്രുവായ മരണം ഉൾപ്പെടെ എല്ലാ ശത്രുക്കളെയും അവന് കീഴ്പ്പെടുത്തിയശേഷം (1 കൊരി. 15:24-27), സർവവും കീഴടക്കുന്നവനായ ക്രിസ്തു ദൈവത്തിന്റെ എല്ലാ വീണ്ടെടുക്കപ്പെട്ടവർക്കും സമ്പൂർണമായ വിധത്തിൽ നിത്യതയോളം വിശ്രമമായിരിക്കും.

1 Cor. 15:24 പിന്നെ, സകല വാഴ്ച്ചയും സകല അധികാരവും ശക്തിയും അവൻ ഇല്ലാതാക്കിയ ശേഷം, തന്റെ ദൈവത്തിനും പിതാവിനും അവൻ രാജ്യം, ഏൽപ്പിക്കുമ്പോൾ, അവസാനം.

1 Cor. 15:25 അവന്റെ സകല ശത്രുക്കളെയും ദൈവം അവന്റെ കാൽക്കീഴാക്കുവോളം അവൻ വാഴേണം.

1 Cor. 15:26 ഒടുക്കത്തെ ശത്രുവായ മരണം ഇല്ലാതാക്കപ്പെടുന്നു.

1 Cor. 15:27 എന്തെന്നാൽ അവൻ സകലത്തെയും അവന്റെ കാൽക്കീഴെ കീഴ്പ്പെടുത്തിയിരിക്കുന്നു. എന്നാൽ സകലത്തെയും കീഴ്പ്പെടുത്തിയിരിക്കുന്നു എന്ന് അവൻ പറയുമ്പോൾ, അവന്

സകലത്തെയും കീഴ്പ്പെടുത്തിക്കൊടുത്തവൻ ഒഴികെ സകലത്തെയും എന്നു സ്പഷ്ടമാകുന്നു.

D. എബ്രായർ 4:8-9-ൽ പരാമർശിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം, ആദ്യത്തെ രണ്ടു ഘട്ടങ്ങളിലുള്ള നമ്മുടെ വിശ്രമമായ ക്രിസ്തുവിനെ പരാമർശിക്കുന്നു, വിശേഷാൽ നമുക്ക് ശുഷ്കാന്തിയോടെ അന്വേഷിച്ച് പ്രവേശിക്കുവാൻ ശേഷിച്ചിരിക്കുന്ന രണ്ടാം ഘട്ടത്തിലെ വിശ്രമത്തെ:

Heb. 4:8 യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച് സംസാരിക്കുകയില്ലായിരുന്നു.

Heb. 4:9 അതിനാൽ ദൈവജനത്തിന് ഒരു ശബ്ബത്തിൻ വിശ്രമം ശേഷിച്ചിരിക്കുന്നു.

1. ആദ്യത്തെ രണ്ടു ഘട്ടങ്ങളിലുള്ള വിശ്രമം അവനെ പൂർണ്ണമായി ആസ്വദിച്ച് ജയാളികളായിത്തീരുന്ന കർത്താവിന്റെ ശുഷ്കാന്തിയുള്ള അന്വേഷകർക്കുള്ള സമ്മാനമാണ്; മൂന്നാം ഘട്ടത്തിലുള്ള വിശ്രമം ഒരു സമ്മാനമല്ല, മറിച്ച് വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും നൽകിയിരിക്കുന്ന പൂർണ ഓഹരിയാണ്.
2. അവൻ നമ്മുടെ വിശ്രമമായിരിക്കുന്നതിന്റെ രണ്ടാം ഘട്ടത്തിൽ, അവന്റെ അവകാശമെന്ന നിലയിൽ ക്രിസ്തു മുഴുവൻ ഭൂമിയെയും ആയിരം വർഷത്തേക്ക് അവന്റെ രാജ്യമാക്കിക്കൊണ്ട് കൈവശമാക്കും—സങ്കീ. 2:8; എബ്രാ. 2:5-6.

   Psa. 2:8 എന്നോടു ചോദിച്ചുകൊൾക; ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും;

   Heb. 2:5 എന്തെന്നാൽ നാം സംസാരിക്കുന്ന, വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയെ അവൻ ദൂതന്മാർക്കല്ല കീഴ്പ്പെടുത്തിയത്.

   Heb. 2:6 എന്നാൽ ഒരുവൻ എവിടെയോ ഗൗരവമായി സാക്ഷ്യപ്പെടുത്തി പറഞ്ഞു, “മനുഷ്യനെ നീ ഓർക്കേണ്ടതിന്, അഥവാ മനുഷ്യപുത്രനെ നീ കരുതേണ്ടതിന് അവൻ എന്ത്?

3. ക്രിസ്തു നമ്മുടെ വിശ്രമമായിരിക്കുന്ന രണ്ടാം ഘട്ടത്തിൽ, ഒന്നാം ഘട്ടത്തിൽ അവനെ അന്വേഷിക്കുകയും തങ്ങളുടെ വിശ്രമമായി അവനെ ആസ്വദിക്കുകയും ചെയ്ത അവന്റെ എല്ലാ ജയാളികളായ വിശ്വാസികളും സഹസ്രാബ്ദത്തിൽ അവന്റെ വാഴ്ചയിൽ പങ്കുചേരും (വെളി. 20:4, 6; 2 തിമൊ. 2.:12); അവർ ഭൂമിയെ അവകാശമാക്കുകയും (മത്താ. 5:5; സങ്കീ. 37:11; ലൂക്കൊ. 19:17, 19) തങ്ങളുടെ കർത്താവിന്റെ സന്തോഷത്തിൽ പങ്കെടുക്കുയും ചെയ്യും (മത്താ. 25:21, 23).

   Rev. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

   Rev. 20:6 ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന്

അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

2 Tim. 2:12 നാം സഹിക്കുന്നുവെങ്കിൽ, അവനോടുകൂടെ വാഴും; നാം അവനെ നിഷേധിക്കുമെങ്കിൽ, അവനും നമ്മെ നിഷേധിക്കും;

Matt. 5:5 സൗമ്യതയുള്ളവർ അനുഗ്യഹീതർ, അവർ ഭൂമിയെ അവകാശമാക്കും.

Psa. 37:11 എന്നാൽ സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും; സമാധാനസമൃദ്ധിയിൽ അവർ ആനന്ദിക്കും.

Luke. 19:17 അവൻ അവനോട്, നല്ല അടിമയേ, നന്ന്. നീ അത്യൽപത്തിൽ വിശ്വസ്തനായിത്തീർന്നതിനാൽ, പത്തു പട്ടണങ്ങളിന്മേൽ അധികാരം ഉള്ളവനായിരിക്കുക എന്നു പറഞ്ഞു.

Luke. 19:19 ഇവനോടും അവൻ, നീയും അഞ്ചു പട്ടണങ്ങളിന്മേൽ ആയിരിക്കുക എന്നു പറഞ്ഞു.

Matt. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

Matt. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

**III. മത്തായി 11:28-30-ലെ കർത്താവിന്റെ വാക്കിന് നാം ശ്രദ്ധ നൽകണം—"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് വിശ്രമം നൽകും. ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്നു പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്ക് നിങ്ങൾ വിശ്രമം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം എളുപ്പവും, എന്റെ ഭാരം ലഘുവും ആകുന്നു":**

A. അധ്വാനം സൂചിപ്പിക്കുന്നത് ന്യായപ്രമാണത്തിന്റെ കൽപനകളും മതപരമായ ചട്ടങ്ങളും പാലിക്കുവാൻ പരിശ്രമിക്കുന്നതിന്റെ അധ്വാനത്തെ മാത്രമല്ല, ഏത് ജോലിയിലും വിജയിക്കുവാൻ തീവ്രയത്നം നടത്തുന്നതിന്റെ അധ്വാനത്തെയുമാണ്; ഇപ്രകാരം അധ്വാനിക്കുന്നവൻ എപ്പോഴും വളരെയധികം ഭാരം ചുമക്കുന്നവനാണ്.

B. വിശ്രമം സൂചിപ്പിക്കുന്നത് ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ ഏതെങ്കിലും വേലയുടെയോ ഉത്തരവാദിത്വത്തിന്റെയോ കീഴിലുള്ള അധ്വാനത്തിൽനിന്നും ഭാരത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെടുന്നതു മാത്രമല്ല, തികഞ്ഞ സമാധാനത്തെയും പൂർണ്ണ സംതൃപ്തിയെയും കൂടിയാണ്.

C. കർത്താവിന്റെ നുകം എടുക്കുകയെന്നാൽ പിതാവിന്റെ ഹിതം എടുക്കുകയാണ്; അത് ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ ഏതെങ്കിലും ബാധ്യതയാൽ നിർദേശിക്കപ്പെടുന്നതോ നിയന്ത്രിക്കപ്പെടുന്നതോ, ഏതെങ്കിലും വേലയാൽ അടിമപ്പെടുന്നതോ അല്ല, പിതാവിന്റെ ഹിതത്താൽ നിർബന്ധിക്കപ്പെടുന്നതാണ്.

D. തന്റെ പിതാവിന്റെ ഹിതമല്ലാതെ മറ്റൊന്നിനുംവേണ്ടി കരുതാതെ കർത്താവ് അങ്ങനെയുള്ള ഒരു ജീവിതം നയിച്ചു (യോഹ. 4:34; 5:30; 6:38; യെശ. 42:4a; പ്ര.നി. 53:2; 11:1-4); പിതാവിന്റെ ഹിതത്തിന് അവനെത്തന്നെ അവൻ പൂർണമായി കീഴ്പ്പെടുത്തി (മത്താ. 26:39, 42); തന്മൂലം, അവനിൽനിന്ന് പഠിക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു (എഫെ. 4:20-21).

John. 4:34 യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു.

John. 5:30 എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്.

John. 6:38 എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്.

Isa. 42:4 ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല; അവന്റെ ഉപദേശത്തിന്നായി ദ്വീപുകൾ കാത്തിരിക്കുന്നു.

Isa. 53:2 അവൻ ഇളയ തൈപോലെയും വരണ്ട നിലത്തുനിന്നു വേർ മുളെക്കുന്നതുപോലെയും അവന്റെ മുമ്പാകെ വളരും; അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല.

Isa. 11:1 എന്നാൽ യിശ്ശായിയുടെ കുറ്റിയിൽനിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും.

Isa. 11:2 അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ.

Isa. 11:3 അവന്റെ പ്രമോദം യഹോവാഭക്തിയിൽ ആയിരിക്കും; അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല.

Isa. 11:4 അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധികല്പിക്കയും ചെയ്യും; തന്റെ വായ് എന്ന വടികൊണ്ടു അവൻ ഭൂമിയെ അടിക്കും; തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദുഷ്ടനെകൊല്ലും.

Matt. 26:39 പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

Matt. 26:42 വീണ്ടും രണ്ടാമതു പോയി അവൻ, എന്റെ പിതാവേ, ഞാൻ ഇതു കുടിച്ചിട്ടല്ലാതെ ഇതു നീങ്ങിപ്പോകുവാൻ കഴിയില്ലെങ്കിൽ, നിന്റെ ഹിതം ആകട്ടെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

Eph. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

Eph. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

E. സൗമ്യനോ ശാന്തനോ ആയിരിക്കുകയെന്നാൽ എതിർപ്പിനെ ചെറുക്കാതിരിക്കുക എന്നാണ്, താഴ്മയുള്ളവനായിരിക്കുകയെന്നാൽ ആത്മാഭിമാനം ഇല്ലാതിരിക്കുക എന്നാണ്; തനിക്കുവേണ്ടിത്തന്നെ എന്തെങ്കിലും ചെയ്യുവാൻ ആഗ്രഹിക്കാതെയും, തനിക്കുവേണ്ടിത്തന്നെ എന്തെങ്കിലും നേടണമെന്ന് പ്രതീക്ഷിക്കാതെയും അവൻ തന്റെ പിതാവിന്റെ ഹിതത്തിന് അവനെത്തന്നെ പൂർണമായി കീഴ്പ്പെടുത്തി; തന്മൂലം, സാഹചര്യം എന്തുതന്നെയായാലും, അവന്റെ ഹൃദയത്തിൽ അവന് വിശ്രമമുണ്ടായിരുന്നു; പിതാവിന്റെ ഹിതത്തിൽ അവൻ പൂർണ്ണ സംതൃപ്തനായിരുന്നു.

F. കർത്താവിന്റെ നുകം എടുക്കുന്നതിലൂടെയും അവനിൽനിന്ന് പഠിക്കുന്നതിലൂടെയും നാം കണ്ടെത്തുന്ന വിശ്രമം നമ്മുടെ ദേഹികൾക്കു വേണ്ടിയാണ്; അത് ആന്തരികമായ വിശ്രമവും, പ്രകൃതത്തിൽ ബാഹ്യമായ യാതൊന്നും ഇല്ലാത്തതുമാകുന്നു.

G. കർത്താവിന്റെ നുകം പിതാവിന്റെ ഹിതവും, അവന്റെ ഭാരം പിതാവിന്റെ ഹിതം നിറവേറ്റുന്ന വേലയും ആണ്; അങ്ങനെയുള്ള നുകം എളുപ്പമാണ്, കയ്പുള്ളതല്ല, അങ്ങനെയുള്ള ഭാരം ലഘുവാണ്, ഭാരമുള്ളതല്ല—പ്ര.നി. മലാ. 3:14.

Mal. 3:14 യഹോവെക്കു ശുശ്രൂഷ ചെയ്യുന്നതു വ്യർത്ഥം; ഞങ്ങൾ അവന്റെ കാര്യം നോക്കുന്നതിനാലും സൈന്യങ്ങളുടെ യഹോവയുടെ മുമ്പാകെ കറുപ്പുടുത്തു നടന്നതിനാലും എന്തു പ്രയോജനമുള്ളു?

H. അവന്റെ നുകം എളുപ്പമാണെന്നത് അർഥമാക്കുന്നത് അവന്റെ നുകം, പിതാവിന്റെ ഹിതം, നല്ലതും ദയവുള്ളതും മൃദുവും സൗമ്യവും ഹൃദ്യവും ആകുന്നു എന്നാണ്—അത് കഠിനവും, പരുഷവും, രൂക്ഷവും, കയ്പേറിയതിനും വിരുദ്ധമാണ്.

## IV. കൂടാരം കെട്ടുപണി ചെയ്യാനുള്ള ആജ്ഞയെ തുടർന്നാണ് ശബ്ബത്തെന്ന് പുറപ്പാട് 31:12-17 വെളിപ്പെടുത്തുന്നു:

Exo. 31:12 യഹോവ പിന്നെയും മോശെയോടു കല്പിച്ചതു: നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്നു അറിയേണ്ടതിന്നു അതു തലമുറതലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു.

Exo. 31:13 അതുകൊണ്ടു നിങ്ങൾ ശബ്ബത്ത് ആചരിക്കേണം; അതു നിങ്ങൾക്കു വിശുദ്ധം ആകുന്നു.

Exo. 31:14 അതിനെ അശുദ്ധമാക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. ആരെങ്കിലും അന്നു വേല ചെയ്താൽ അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചുകളയേണം.

Exo. 31:15 ആറു ദിവസം വേല ചെയ്യേണം; എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി യഹോവെക്കു വിശുദ്ധം ആകുന്നു; ആരെങ്കിലും ശബ്ബത്ത് നാളിൽ വേല ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കേണം.

Exo. 31:16 ആകയാൽ യിസ്രായേൽമക്കൾ തലമുറതലമുറയായി ശബ്ബത്തിനെ നിത്യനിയമമായിട്ടു ആചരിക്കേണ്ടതിന്നു ശബ്ബത്തിനെ പ്രമാണിക്കേണം.

Exo. 31:17 അതു എനിക്കും യിസ്രായേൽമക്കൾക്കും മദ്ധ്യേ എന്നേക്കും ഒരു അടയാളം ആകുന്നു; ആറു ദിവസംകൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും

ഉണ്ടാക്കിയതു; ഏഴാംദിവസം അവൻ സ്വസ്ഥമായിരുന്നു വിശ്രമിച്ചു.

A. “നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം; ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്ന് അറിയേണ്ടതിന് അത്... എനിക്കും നിങ്ങൾക്കും മധ്യേ ഒരു അടയാളമാകുന്നു. ആകയാൽ യിസ്രായേൽമക്കൾ തലമുറതലമുറയായി ശബ്ബത്തിനെ <u>നിത്യനിയമമായിട്ട്</u> ആചരിക്കേണം. അത് എനിക്കും യിസ്രായേൽമക്കൾക്കും മധ്യേ എന്നേക്കും ഒരു അടയാളം ആകുന്നു; ആറാം ദിവസം കൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയത്; ഏഴാം ദിവസം അവൻ <u>വിശ്രമിച്ച് ഉന്മേഷം പ്രാപിച്ചു</u>”—വാ. 12, 16-17.

B. ഏഴാം ദിവസം ദൈവം "വിശ്രമിച്ച് ഉന്മേഷം പ്രാപിച്ചു"; മനുഷ്യനായിരുന്നു ദൈവത്തിന്റെ ഉന്മേഷം, കാരണം മനുഷ്യൻ ദൈവവുമായി കൂട്ടായ്മ ആചരിക്കുവാനും ദൈവത്തിന്റെ കൂട്ടാളിയും നേരിണയും ആകുവാനും കഴിയത്തക്കവണ്ണം ഒരു ആത്മാവോടുകൂടെ ദൈവത്തിന്റെ സ്വന്തം സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു.

C. താഴെപ്പറയുന്ന ദിവ്യ തത്ത്വം നാം കാണേണ്ടതാവശ്യമാണ്—ദൈവം ആദ്യം നമുക്ക് ആസ്വാദനം നൽകുന്നു, തുടർന്ന് നാം അവനോടുചേർന്നു വേല ചെയ്യുന്നു; അവന്റെ വേലയിൽ ദൈവവുമായി ഒന്നായിരിക്കണമെങ്കിൽ നാം അവനെ ആസ്വദിക്കണം.

D. പെന്തക്കോസ്ത് ദിവസം ശിഷ്യന്മാർ കർത്താവിന്റെ ആസ്വാദനത്താൽ നിറഞ്ഞിരുന്നു—"അവർ പുതുവീഞ്ഞിനാൽ നിറഞ്ഞിരിക്കുന്നു" (പ്രവൃ. 2:13); അപ്പോൾ പത്രൊസും പതിനൊന്നുപേരും കർത്താവിനോടുകൂടെ ഒരുമിച്ച് വേല ചെയ്യുവാൻ എഴുന്നേറ്റു (വാ. 14).

Acts. 2:14 എന്നാൽ പത്രൊസ് പതിനൊന്നു പോരൊടുകൂടെ നിന്ന്, ശബ്ദം ഉയർത്തി അവരോട് പറഞ്ഞു: യെഹൂദാപുരുഷന്മാരും യെരൂശലേമിൽ വസിക്കുന്ന എല്ലാവരുമേ, നിങ്ങൾ ഇത് അറിഞ്ഞിരിക്കട്ടെ, എന്റെ വാക്കുകൾക്ക് ചെവി തരുവിൻ.

E. ദൈവത്തെ സംബന്ധിച്ച് അത് വേല ചെയ്യുന്നതിന്റെയും വിശ്രമിക്കുന്നതിന്റെയും കാര്യമാണ്; മനുഷ്യനെ സംബന്ധിച്ച് അത് വിശ്രമിക്കുന്നതിന്റെയും വേല ചെയ്യുന്നതിന്റെയും കാര്യമാണ്; അങ്ങനെ നാം കർത്താവുമായി ഒന്നായിരുന്നുകൊണ്ട് അവനോടുകൂടെ വേല ചെയ്യുന്നു.

F. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടി നാം അവനുമായി ഒരുമിച്ച് വേല ചെയ്യുവാൻ കഴിയത്തക്കവണ്ണം, ദൈവത്തിന്റെ ജനമെന്ന നിലയിൽ, നമ്മുടെ ബലവും ഊർജവും സകലവുമായിരിക്കുവാൻ നമുക്ക് ദൈവത്തെ ആവശ്യമാണെന്ന അടയാളം നാം വഹിക്കണം; ഇത് അവന് മാനവും മഹത്വവും നൽകുന്നു—1 കൊരി. 15:10, 58.

1 Cor 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

1 Cor 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ

വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

G. നാം വഹിക്കുന്ന അടയാളം, നാം ദൈവത്തോടുകൂടെ വിശ്രമിക്കുകയും, ദൈവത്തെ ആസ്വദിക്കുകയും, ദൈവത്തോടുകൂടെ ഉന്മേഷം പ്രാപിക്കുകയും, ഒന്നാമതായി ദൈവത്തെക്കൊണ്ട് നിറഞ്ഞിരിക്കുകയും ചെയ്യുന്നു എന്നാണ്; അതിനുശേഷം നമ്മെ നിറയ്ക്കുന്നവനുമായുള്ള ഒരുമയിൽ നാം ഒരുമിച്ച് വേല ചെയ്യുന്നു; ഇത് ദൈവവുമായുള്ള ഒരു നിത്യ ഉടമ്പടി, ഒരു നിത്യ കരാർ ആണ്.

**V. ക്രിസ്തുവിനെ നല്ലദേശമായി ആസ്വദിക്കുന്നതിനുള്ള മാർഗം, "ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതുമായ" ജീവനുള്ളതും വ്യാപരിക്കുന്നതുമായ ദൈവവചനമാണ്—എബ്രാ. 4:12:**

A. യിസ്രായേൽമക്കൾ, പുതിയനിയമ വിശ്വാസികളായ നമ്മുടെ ദൈവത്തിന്റെ പൂർണരക്ഷയിലുള്ള പങ്കാളിത്തത്തിന്റെ ഒരു മുൻകുറിയാണ് (1 കൊരി. 10:6, 11):

1 Cor. 10:6a ... ഇവയൊക്കെയും നമുക്ക് ദൃഷ്ടാന്തങ്ങളായി സംഭവിച്ചു.

1 Cor. 10:11 ഈ കാര്യങ്ങൾ അവർക്ക് ദൃഷ്ടാന്തമായി സംഭവിച്ചു, യുഗങ്ങളുടെ അവസാനം എത്തിച്ചേർന്നിരിക്കുന്ന നമ്മുടെ ഗുണദോഷത്തിനായി ഇവ എഴുതിയിരിക്കുന്നു.

1. ഒന്നാമത്തെ ഘട്ടത്തിൽ നാം ക്രിസ്തുവിനെ സ്വീകരിക്കുകയും യിസ്രായേൽമക്കൾ മിസ്രയീമിൽനിന്നും വിടുവിക്കപ്പെട്ടതുപോലെ, ലോകത്തിൽനിന്നു വീണ്ടെടുക്കപ്പെടുകയും വിടുവിക്കപ്പെടുകയും ചെയ്യുന്നു.
2. രണ്ടാമത്തെ ഘട്ടത്തിൽ, യിസ്രായേൽമക്കൾ മരുഭൂമിയിൽ അലഞ്ഞുനടന്നതുപോലെ, കർത്താവിനെ അനുഗമിക്കുന്നതിൽ നാം അലഞ്ഞുതിരിയുന്നവരായിത്തീരുന്നു; നമ്മുടെ അലച്ചിൽ എല്ലായ്പോഴും നമ്മുടെ ദേഹിയിൽ സംഭവിക്കുന്നു.
3. മൂന്നാമത്തെ ഘട്ടത്തിൽ, യിസ്രായേൽമക്കൾ നല്ല ദേശത്തിന്റെ സമ്പത്തിൽ പങ്കുചേരുകയും ആസ്വദിക്കുകയും ചെയ്തതുപോലെ, നാം ക്രിസ്തുവിൽ പങ്കുചേരുകയും ആസ്വദിക്കുകയും ചെയ്യുന്നു; ഇത് നമ്മുടെ ആത്മാവിൽ അനുഭവിക്കുന്നു.
4. എബ്രായ വിശ്വാസികൾ തങ്ങളുടെ എബ്രായ മതത്തോട് എന്തുചെയ്യണമെന്ന് അവരുടെ മനസ്സിൽ സന്ദേഹപ്പെടുകയായിരുന്നു, അവരുടെ മനസ്സിലുള്ള ഈ സന്ദേഹം, അവരുടെ ആത്മാവിലുള്ള ക്രിസ്തുവിന്റെ അനുഭവമല്ല, അവരുടെ ദേഹിയിലുള്ള അലച്ചിലായിരുന്നു.

B. എബ്രായ വിശ്വാസികൾ അവരുടെ ദേഹിയുടെ അലച്ചലിൽ ചാഞ്ചാടാതെ സ്വർഗീയ ക്രിസ്തുവിൽ പങ്കുചേരുവാനും അവനെ ആസ്വദിക്കുവാനും അവരുടെ ആത്മാവിലേക്ക് മുന്നേറുവാൻ എബ്രായലേഖനത്തിന്റെ ലേഖകൻ അവരെ ഉപദേശിച്ചു:

1. സ്വർഗത്തിൽ സിംഹാസനത്തിൽ ഇരിക്കുന്ന സാക്ഷാൽ ക്രിസ്തു (റോമ. 8:34) ഇപ്പോൾ നമ്മിലും ഉണ്ട് (വാ. 10), അതായത്, ദൈവത്തിന്റെ വാസസ്ഥലം ഉള്ളിടമായ (എഫെ. 2:22) നമ്മുടെ ആത്മാവിൽ ഉണ്ട് (2 തിമൊ. 4:22).

Rom. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത്

ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

Rom. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

2. സ്വർഗത്തിന്റെ കവാടവും ദൈവത്തിന്റെ വാസസ്ഥലവുമായ, ദൈവത്തിന്റെ ഭവനമായ ബെഥേലിൽ, ക്രിസ്തു ഭൂമിയെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ് (ഉല്പ. 28:12-17; യോഹ. 1:51); ഇന്ന് നമ്മുടെ ആത്മാവ് ദൈവത്തിന്റെ നിവാസസ്ഥലമായതിനാൽ, അത് ഇപ്പോൾ സ്വർഗത്തിന്റെ കവാടമാണ്, അവിടെ ക്രിസ്തു ഭൂമിയിലെ മനുഷ്യരായ നമ്മെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ നമ്മിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ്.

Gen. 28:12 അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.

Gen. 28:13 അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.

Gen. 28:14 നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും.

Gen. 28:15 ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

Gen. 28:16 അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു.

Gen. 28:17 അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു.

John. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

3. തന്മൂലം, നമ്മുടെ ആത്മാവിലേക്ക് നാം തിരിയുമ്പോഴെല്ലാം, നാം സ്വർഗത്തിന്റെ കവാടത്തിലൂടെ പ്രവേശിക്കുകയും സ്വർഗീയ ഗോവണിയായ ക്രിസ്തു മുഖാന്തരം സ്വർഗത്തിലുള്ള കൃപയുടെ സിംഹാസനത്തെ സ്പർശിക്കുകയും ചെയ്യുന്നു—എബ്രാ. 4:16.

Heb. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

4. ചഞ്ചലരായ എബ്രായ വിശ്വാസികൾ അവരുടെ ദേഹിയിൽ അലഞ്ഞുതിരിയുകയും അവരുടെ ആത്മാവിനെ അവഗണിക്കുകയും ചെയ്തിരുന്നു, എന്നാൽ പുതിയനിയമം തികച്ചും നമ്മുടെ ആത്മാവിലുള്ള കാര്യമാണ്, നമ്മുടെ ദേഹിയിലുള്ള കാര്യമല്ല—റോമ. 8:16; 2 തിമൊ. 4:22; ഗലാ. 6:18.

Rom. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ.

Gal. 6:18 സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ.

C. അവരുടെ ആത്മാവ് അവരുടെ ദേഹിയിൽനിന്നും വേർതിരിക്കപ്പെടേണ്ടതിന്, അതിന്റെ സന്ദേഹിക്കുന്ന മനസ്സോടും ദൈവത്തിന്റെ രക്ഷാമാർഗത്തെ സംബന്ധിച്ചുള്ള അതിന്റെ സംശയത്തോടും സ്വന്തം താല്പര്യങ്ങളെക്കുറിച്ചുള്ള അതിന്റെ ചിന്തകളോടും കൂടിയ എബ്രായ വിശ്വാസികളുടെ ദേഹി, ജീവനുള്ളതും വ്യാപരിക്കുന്നതും തുളച്ചുചെല്ലുന്നതുമായ ദൈവവചനത്താൽ തകർക്കപ്പെടണമായിരുന്നു—എബ്രാ. 4:12:

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

1. മജ്ജ സന്ധികളിൽ ആഴത്തിൽ മറഞ്ഞിരിക്കുന്നതുപോലെ, ആത്മാവ് ദേഹിയിൽ ആഴത്തിലാണുള്ളത്; സന്ധികളിൽനിന്നും മജ്ജയെ വേർതിരിക്കുന്നതിന് പ്രധാനമായും സന്ധികൾ തകർക്കപ്പെടേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ, ദേഹിയിൽനിന്നും ആത്മാവിനെ വേർതിരിക്കുന്നതിന് ദേഹിയെ തകർക്കുന്നത് ആവശ്യമാണ്—1 പത്രൊ. 3:4.

1 Pet. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

2. നാം വേദപുസ്തകം വായിക്കുമ്പോഴെല്ലാം, ഏതൊക്കെയാണ് സ്വയത്തിൽനിന്നുള്ളതും സ്വയത്തിനുവേണ്ടിയുള്ളതെന്നും, ഏതൊക്കെയാണ് ദൈവത്തിൽനിന്നുള്ളതും ദൈവത്തിനുവേണ്ടിയുള്ളതെന്നും വെളിപ്പെടുത്തിക്കൊണ്ട് നമ്മുടെ ആത്മാവിനെ നമ്മുടെ ദേഹിയിൽനിന്നും വേർതിരിക്കുവാൻ തക്കവണ്ണം അത് ജീവനുള്ളതും ചൈതന്യമുള്ളതും മൂർച്ചയുള്ളതുമായിരിക്കണം; വചനം ജീവനുള്ളതും വ്യാപരിക്കുന്നതുമായിരിക്കേണ്ടതിന് ആത്മാവിൽ സകല പ്രാർഥനയും മുഖാന്തരം അതിനെ വിശ്വാസത്തോട് നാം കലർത്തണം—എബ്രാ. 4:2; എഫെ. 6:17-18.

Heb. 4:2 തീർച്ചയായും അവരോട് എന്നപോലെ, നമ്മോടും സദ്വർത്തമാനം അറിയിച്ചിരിക്കുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്തോടുകൂടെ

കലരാതിരുന്നിട്ട്, കേട്ട വചനം അവർക്കു പ്രയോജനം ചെയ്തില്ല.

Eph. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

Eph. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

3. ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ആളത്തത്തിലേക്ക് തുളച്ചുചെന്ന് നമ്മുടെ സന്ദേഹപ്പെടുന്ന മനസ്സിൽനിന്നും അലഞ്ഞുതിരിയുന്ന ദേഹിയിൽനിന്നും നമ്മുടെ ആത്മാവിലുള്ള ശബ്ബത്തിൻ വിശ്രമമായ ക്രിസ്തുവിലേക്ക് നമ്മെ വിടുവിക്കണം; നമ്മുടെ ദേഹിയുടെ അലച്ചലിൽ നാം ചഞ്ചലപ്പെടുന്നവരായിരിക്കരുത്, സഹസ്രാബ്ദത്തിൽ അവന്റെ വാഴ്ചയുടെ രാജ്യത്തിൻ വിശ്രമത്തിൽ നമുക്ക് പങ്കുചേരുവാൻ കഴിയേണ്ടതിന്, സ്വർഗീയ ക്രിസ്തുവിൽ പങ്കുകൊള്ളുന്നതിനും അവനെ ആസ്വദിക്കുന്നതിനുമായി നമ്മുടെ ദേഹിയെ തിരസ്കരിച്ച് ആത്മാവിലേക്ക് മുന്നേറണം.